(എ) വയനാട് ജില്ലയിൽ തവിഞ്ഞാൽ, തിരുനെല്ലി എന്നീ പഞ്ചായത്തു പ്രദേശങ്ങളിലും കണ്ണൂർ ജില്ലയിലെ കേളകം, കൊടുയൂർ പ്രദേശങ്ങളിലും കാട്ടാനശല്യം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) കാട്ടുമൃഗ ശല്യത്തിന് ഇരയാകുന്ന കർഷകർക്കും ആദിവാസികൾക്കും ആവശ്യമായ സാമ്പത്തിക സഹായം സമയബന്ധിതമായി ലഭിക്കുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാർഷികവിളകളുടെ നാശനഷ്ടത്തിന് നഷ്ടപരിഹാരം ഉടൻ ലഭ്യമാക്കുമോ;

(ഡി) വന്യമൃഗശല്യം ഒഴിവാക്കുന്നതിനായുള്ള ട്രെഞ്ച് നിർമ്മാണം ഫെൻസിംഗ്, ഇവ പൂർത്തിയാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ സ്ഥലങ്ങളിൽ കാട്ടാനശല്യം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനായി താഴെ കൊടുത്തിട്ടുള്ള നടപടികൾ എടുത്തിട്ടുണ്ട്.

1. എലിഫന്റ് പ്രൂഫ് ട്രഞ്ചുകൾ നിർമ്മിക്കൽ വയനാട് വൈൽഡ് ലൈഫ് വാർഡന്റെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ 67.78 കി.മീ നീളത്തിൽ ഇ.പി.റ്റി. എടുത്തിട്ടുണ്ട്. വയനാട് (നോർത്ത്) ഡി.എഫ്.ഒയുടെ അധികാരപരിധിയിൽ വരുന്ന സ്ഥലത്ത് 35 കി.മീ. ഇ.പി.റ്റി. എടുത്തിട്ടുണ്ട്. ഇവിടെ 6 കി.മീ. നീളത്തിൽ ഇ.പി.റ്റി. നിർമ്മാണം നടന്നുവരുന്നു. കണ്ണൂർ ഡി.എഫ്.ഒ.യുടെ അധികാരപരിധിയിൽ വരുന്ന സ്ഥലത്ത് 0.556 കി.മീ നീളത്തിൽ ഇ.പി.റ്റി. എടുത്തിട്ടുണ്ട്.

2. വൈദ്യുതി കമ്പിവേലി നിർമ്മിക്കൽ വയനാട് വൈൽഡ് ലൈഫ് വാർഡന്റെ അധികാരപരിധിയിൽ വരുന്ന സ്ഥലത്ത് 176.9 കീ.മീ. വൈദ്യുതി കമ്പിവേലി നിർമ്മിച്ചിട്ടുണ്ട്. വയനാട് നോർത്ത് ഡിവിഷനിൽ 46 കി.മീ. നീളത്തിൽ വൈദ്യുതി കമ്പിവേലി എടുത്തിട്ടുണ്ട്. ഇവിടെ 8 കി.മീ. വൈദ്യുതി കമ്പി വേലി നിർമ്മാണം നടന്നുവരുന്നു. വയനാട് സൗത്ത് ഡിവിഷനിൽ 10 കി.മീ. വൈദ്യുതി കമ്പിവേലി എടുത്തിട്ടുണ്ട്.

(സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പ്രവർത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

മുണ്ടോമുഴി മണ്ണിറ ഫോറസ്റ്റ് റോഡ് റീ ടാറിംഗ്

72(1895) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മുണ്ടോംമുഴി മണ്ണിറ ഫോറസ്റ്റ് റോഡ് ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഗതാഗതയോഗ്യമാക്കാൻ സാധിക്കാത്ത വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡ് റീടാറിംഗ് നടത്തുന്നതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട ഡിവിഷന് നൽകാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം 'ടി' റോഡ് റീടാറിംഗ് നടത്തുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ ആവശ്യമായ തുക വകയിരുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

അഗസ്ത്യമലയിലെ സസ്യജാലങ്ങളെ പറ്റിയുള്ള പഠനം

73 (1896)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യമലയിൽ എന്തെല്ലാം വിധത്തിലുള്ള സസ്യജാലങ്ങൾ ഉണ്ടെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) അഗസ്ത്യമലയിലെ ഓർക്കിഡുകൾ ഉൾപ്പെടെയുള്ള സസ്യജാലങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) റ്റി.ബി.ജി.ആർ.ഐ. നടത്തിയ (1) ഫ്ളോറിസ്റ്റിക് സ്റ്റഡീസ് ഓൺ നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറി.(2) ഫ്ളോറിസ്റ്റിക് സ്റ്റഡീസ് ഓൺ പേപ്പാറ വൈൽഡ് ലൈഫ് സാങ്ച്വറി.

(2) റ്റി.ബി.ജി.ആർ.ഐ. നടത്തിയ സർവ്വേ ആന്റ് ഇവാല്യൂവേഷൻ ഓഫ് മൈക്രോ ഫ്ളോറ ഓഫ് നെയ്യാർ ആന്റ് പേപ്പാറ.

(3) കെ.എഫ്.ആർ.ഐ. നടത്തിയ സ്റ്റഡി ഓൺ ഫ്ളോറാ ഓഫ് ശെന്തുരുണി വൈൽഡ് ലൈഫ് സാങ്ച്വറി വിത്ത് എംഫസൈസ് ഓൺ എൻഡമിക് സ്പീഷീസ്.

4. റ്റി.ബി.ഡി.ആർ.ഐ. നടത്തിയ സ്റ്റഡി ഓൺ ദി റെയർ ആന്റ് എൻഡെയിൻജേർഡ് ഓർക്കിഡ്സ് ഓഫ് കേരള.

(സി) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ഓർക്കിഡുകൾ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള അത്യപൂർവ്വ സസ്യജാലങ്ങൾ കാണപ്പെടുന്ന പ്രദേശങ്ങൾ പൂർണ്ണമായും കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നുണ്ട്.

2. സംരക്ഷണ വിഭാഗം ജീവനക്കാരെ ഫീൽഡ് പെട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി വരുന്നുണ്ട്.

3. പ്രശ്ന പ്രദേശങ്ങളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly